SAMAGRA PLUS

# വാർഷിക മൂല്യനിർണ്ണയം 2024-25

## മാതൃകാചോദ്യങ്ങൾ

## മലയാളം

## അടിസ്ഥാനപാഠാവലി

സമയം:$1^1/_2$ മണിക്കൂർ

ക്ലാസ് -9 സ്കോർ : 40

**നിർദ്ദേശങ്ങൾ**

ആദ്യത്തെ 15 മിനിറ്റ് സമാശ്വാസ സമയം

ഈ സമയം ചോദ്യങ്ങൾ വായിക്കുന്നതിനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യുന്നതിനും ഉപയോഗിക്കുക

നിർദ്ദേശങ്ങളും ചോദ്യങ്ങളും അനുസരിച്ച് മാത്രം ഉത്തരം എഴുതുക

ഉത്തരമെഴുതുമ്പോൾ സ്കോർ സമയം എന്നിവ പരിഗണിക്കണം

---

**1 മുതൽ 5 വരെ ചോദ്യങ്ങളിൽ 4 എണ്ണത്തിന് ഉത്തരമെഴുതുക . ഒരു സ്കോർ വീതം . ( 4 x 1 = 4**

1.“പേമഴക്കാലത്തു സ്വാദുവാമീത്തരി

സോദരർക്കൊത്താസ്വദിക്ക നല്ലൂ”.

(വംശം)

ഉറുമ്പിന്റെ പ്രവൃത്തി നൽകുന്ന സന്ദേശമെന്ത്?

- മഴക്കാലത്താണ് ആഹാരത്തിന് രുചി കൂടുന്നത്.
- സാഹോദര്യമാണ് ഏറ്റവും വലിയ സമ്പാദ്യം.
- പരോപകാരത്തിലധിഷ്ഠിതമായ ജീവിതം നയിക്കണം.
- ജീവിതം ആസ്വദിക്കാനുള്ളതാണ്.

2.”ജീവിതത്തിന്റെ എല്ലാ ശബ്ദങ്ങളിൽനിന്നും പുറത്താക്കപ്പെട്ട അമ്മ. “

(തഥാഗത)

ഈ വാക്യത്തിന്റെ ആശയത്തിന് ഏറ്റവും യോജിച്ച പ്രസ്താവന ഏത് ?

- അമ്മയെ എല്ലാവരും ഉപേക്ഷിച്ചു.
- അമ്മയ്ക്ക് കേൾവി നഷ്ടമായി.
- അമ്മയുടെ സൗന്ദര്യം നശിച്ചു.
- അമ്മയ്ക്ക് ഓർമ്മകൾ ഇല്ലാതായി.

3. ശരിയായ പദച്ചേർച്ച കണ്ടെത്തുക

- മറ്റു , ഏകം - മറ്റനേകം
- ഓരോ , ഒറ്റ - ഒരൊറ്റ
- അത് , അത് - അതത്
- ഇറുത്ത്, അടുത്തു - ഇറുത്തെടുത്തു

4.”ആദായത്തിനു പുറമേ ഒരു മുറി പുരയിടം എഴുതിവിറ്റ് ഊണു കഴിച്ച് തീർന്നു.”

ഈ പ്രസ്താവയിൽ തെളിയുന്ന കിട്ടുമ്മാവന്റെ മനോഭാവമെന്ത്?

- സമ്പത്തിനോടുള്ള വിരക്തി.
- ആഹാരത്തോടുള്ള ആർത്തി.
- ആദായം സൂക്ഷിക്കാനുള്ള മടി.
- ലളിതജീവിതത്തോടുള്ള താൽപര്യം.

5. തെറ്റായ പദജോടി കണ്ടെത്തിയെഴുതുക..

- യന്ത്രം - യാന്ത്രികം
- വ്യവസായം - വ്യവസായകം
- പരിസ്ഥിതി - പാരിസ്ഥിതികം
- സംസ്കാരം - സാംസ്കാരികം

6 മുതൽ 8 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക . (2 x 2 = 4)

6. "വിളകളുടെ പോഷകമൂല്യമല്ല, ദൃശ്യചാരുതയാണ് ഏറെ പ്രധാനം."

ഈ വാക്യം ഭക്ഷ്യസംസ്ക്കാരത്തെക്കുറിച്ച് നൽകുന്ന സൂചനയെന്ത്?

7. "ജരാനരബാധിച്ച ആ പടുകിഴവൻപാത പാടങ്ങളുടെ നടുവിലൂടെ അങ്ങനെ വളഞ്ഞു പോകുന്നു.

അടിവരയിട്ട പദം സന്ദർഭത്തിനു നൽകുന്ന അർഥതലം കണ്ടെത്തി എഴുതുക.

8. അർഥവ്യത്യാസം വരാതെ രണ്ടു വാക്യമാക്കുക .

അസാധാരണമായ വലുപ്പമോ നിറമോ ഉള്ള ഭക്ഷ്യവസ്തുക്കളെ കൃഷിക്കാർ എണ്ണത്തിൽ പെടുത്താറില്ലെന്നുമൊക്കെയുള്ള വസ്തുതകൾ പശ്ചിമദേശങ്ങളിലെ ഉപഭോക്താക്കൾക്ക് തികച്ചും അജ്ഞാതമാണ്.

**9 മുതൽ 14 വരെ ചോദ്യങ്ങളിൽ 5 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക .**
**4 സ്കോർ വീതം .** (5 x 4 = 20 )

9."അമ്മിണിക്കുട്ടി മരിച്ചുപോയി" എന്റെ മുഖത്തുനിന്ന് നോട്ടം മാറ്റാതെ ഓർമ്മകളിലെവിടെയോ നടന്നുമറയവേ ,അമ്മ പറഞ്ഞു.

(തഥാഗത)

ഈ കഥാന്ത്യം അമ്മയുടെ മാനസികാവസ്ഥയെക്കുറിച്ച് നൽകുന്ന സൂചനകൾ എന്തെല്ലാം ? വിശകലനം ചെയ്യുക.

10. കുതിര ചെവിടോർക്കും പോലെ.
ദയ കാൽമുട്ടുകൾ കൊണ്ട് നിയന്ത്രിച്ച് കുതിരയെ നടത്തുന്നു.
ഒരിക്കൽക്കൂടി വിറളി കാണിക്കുന്നു കുതിര.

(ദയ)

'ദൃശ്യങ്ങളുടെ സൂക്ഷ്മവിവരണമാണ് തിരക്കഥയുടെ ജീവൻ.' തന്നിരിക്കുന്ന സൂചനയും പാഠഭാഗവും വിശകലനം ചെയ്ത് ഈ പ്രസ്താവനയോടു പ്രതികരിക്കുക.

11. "പരിപ്പും പച്ചടിച്ചാറും കരിമ്പിൻനീർ നല്ലപാലും
തരിമ്പും സംശയമെന്യേവിളമ്പുന്നു വേണ്ടുവോളം.

(അല്പമല്ല ഭുജിക്കുന്നു)

മനുഷ്യന്റെ ഭക്ഷണത്തോടുള്ള ആർത്തിയെ പരിഹസിക്കുന്ന കവിയെ തുള്ളൽക്കവിതകളിൽ കാണാം.ഈ അഭിപ്രായം എത്രമാത്രം പ്രസക്തമാണ്? സൂചനയും പാഠഭാഗവും വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

12 . "പുതുമ നശിക്കാത്ത ഭക്ഷ്യവസ്തുക്കൾ ലഭ്യമാക്കുന്നു എന്നതുതന്നെയാണ് പ്രാദേശിക ഭക്ഷ്യവ്യവസ്ഥയുടെ ഒരു പ്രധാന ഗുണം."

(ഭക്ഷണവും ആരോഗ്യവും)

ആരോഗ്യകരമായ ഈ ഭക്ഷ്യസംസ്കാരം നിലനിർത്താൻ നമുക്കു കഴിയുന്നുണ്ടോ? പ്രതികരണക്കുറിപ്പ് തയ്യാറാക്കുക

13.'യാത്രകൾ എന്നത് പുതിയ സ്ഥലങ്ങൾ കാണൽ മാത്രമല്ല പുതിയ സംസ്കാരങ്ങളും ജീവിത രീതികളും അനുഭവിക്കലാണ് .'

ശാന്തിനികേതനത്തെക്കുറിച്ചുള്ള എസ്.കെ പൊറ്റെക്കാട്ടിന്റെ നിരീക്ഷണങ്ങൾ ഈ പ്രസ്താവനയുമായി എത്രമാത്രം യോജിക്കും? നിങ്ങളുടെ നിരീക്ഷണങ്ങൾ അവതരിപ്പിക്കുക.

14 ."ഉള്ളതു കൊടുത്താൽ അതു കഴിച്ച് ശകലംകൂടി എന്നു പറഞ്ഞ് ഇരിക്കും. പിന്നെയും ഇരിക്കും. എഴുന്നേൽക്കുകയില്ല പോകാൻ പറഞ്ഞാലും പോവുകയില്ല. വയറു നിറയണം. അതാണ് കണക്ക്"

( കിട്ടുമ്മാവൻ )

"അർബാബ് ഈ വണ്ടി എവിടെയെങ്കിലും ഒന്നു നിർത്തി ഞങ്ങൾക്കിത്തിരി ആഹാരം വാങ്ങിച്ചു തരൂ...ഞങ്ങൾക്ക് ഇത്തിരി വെള്ളം മേടിച്ചു തരൂ... എന്ന് അലറി വിളിക്കണമെന്നുണ്ടായിരുന്നു"

(മണൽക്കൂനകൾക്കിടയിലൂടെ)

'ഭക്ഷണം ആവശ്യത്തിനാണ്, ആർത്തിക്കുള്ളതല്ല'. സൂചനകളും, പ്രസ്താവനയും താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

**15 മുതൽ 17 വരെ ചോദ്യങ്ങളിൽ രണ്ട് എണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക .**

**ആറു സ്കോർ വീതം .** (2 x 6 = 12 )

15. "രണ്ടാളിന്റെ ജോലി ചെയ്യും. ശരിയാണ്. ചെയ്യുന്ന ജോലിക്ക് വൃത്തിയുമുണ്ട്. പക്ഷേ, കിട്ടുമ്മാവനെ ജോലിക്ക് നിർത്താൻ വടക്കുവശത്തു പെണ്ണുങ്ങൾക്ക് വലിയ എതിർപ്പാണ്."

കിട്ടുമ്മാവന്റെ സ്വഭാവത്തെക്കുറിച്ചുള്ള എന്തെല്ലാം സൂചനകളാണ് ഈ വാക്കുകളിലുള്ളത്? കഥയിലെ മറ്റ് സന്ദർഭങ്ങൾ കൂടി വിശകലനം ചെയ്ത് കഥാപാത്രനിരൂപണം തയ്യാറാക്കുക.

16. "പ്രദേശങ്ങളിൽ ഓരോ സീസണിലും ഉണ്ടാവുന്ന ഭക്ഷ്യവസ്തുക്കളാണ് പോഷക ഗുണമേന്മയിൽ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്നത് എന്ന് ചില പോഷകാഹാര വിദഗ്ധർ തെളിയിച്ചിട്ടുണ്ട്."

സൂചനയും വർത്തമാനകാല ഭക്ഷണരീതിയും വിശകലനം ചെയ്ത് 'പ്രാദേശിക ഭക്ഷ്യവിഭവങ്ങളും ആരോഗ്യസംരക്ഷണവും ' എന്ന വിഷയത്തിൽ പ്രഭാഷണം തയ്യാറാക്കുക

17. "അല്പമല്ല ഭുജിക്കുന്നു

കഴുത്തോളം പൂർണ്ണമായി -

ട്ടപ്പുറത്ത് കവിഞ്ഞാലും

തൃപ്തിയില്ല ചിലർക്കെല്ലാം ."

"കുണ്ടുകിണറ്റിൽ തവളക്കുഞ്ഞിന്

കുന്നിനുമീതെ പറക്കാൻ മോഹം."

"കിട്ടും പണമെങ്കിലിപ്പോൾ മനുഷ്യർക്ക്

ദുഷ്ടത കാട്ടുവാനൊട്ടും മടിയില്ല "

സൂചനകൾ വിശകലനം ചെയ്ത് 'കുഞ്ചൻനമ്പ്യാരുടെ സാമൂഹ്യവിമർശനം ' എന്ന വിഷയത്തിൽ ലഘു ഉപന്യാസം തയ്യാറാക്കുക.

SAMAGRA

# വാർഷിക മൂല്യനിർണ്ണയം 2024-25
# മലയാളം അടിസ്ഥാനപാഠാവലി

ക്ലാസ് : 9

## ഉത്തരസൂചകങ്ങൾ

| ചോദ്യ നമ്പർ | സൂചന | സ്കോർ | ആകെ |
|---|---|---|---|
| 1 | പരോപകാരത്തിലധിഷ്ഠിതമായ ജീവിതം നയിക്കണം. | 1 | 1 |
| 2 | അമ്മയ്ക്ക് ഓർമ്മകൾ ഇല്ലാതായി | 1 | 1 |
| 3 | അതത് -അത് ,അത് | 1 | 1 |
| 4 | ആഹാരത്തോടുള്ള ആർത്തി | 1 | 1 |
| 5 | വ്യവസായം -വ്യവസായകം | 1 | 1 |
| 6 | • ഭക്ഷ്യവിളകളുടെ നിറത്തിനും രൂപ ഭംഗിയ്ക്കും അമിതപ്രാധാന്യം നൽകുന്നു.<br>• രൂപഭംഗിയില്ലാത്തവ പോഷകാംശവും ഗുണനിലവാരവും കുറഞ്ഞവയാണെന്ന മനോഭാവം വളരുന്നു. | 1<br>1 | 2 |
| 7 | • വർഷങ്ങളായി ഉപയോഗിക്കുന്ന പരിഷ്കരിക്കപ്പെടാത്ത ഗ്രാമീണ സഞ്ചാരവീഥി.<br>• ജരാനരബാധിച്ച എന്ന പ്രയോഗം കാലപ്പഴത്തെ സൂചിപ്പിക്കുന്നു. പാതയുടെ വളവും തിരിവും പ്രകടമാകുന്നു. | 1<br>1 | 2 |
| 8 | • അസാധാരണമായ വലിപ്പമോ നിറമോ ഉള്ള ഭക്ഷ്യവസ്തുക്കളെ കൃഷിക്കാർ എണ്ണത്തിൽ പെടുത്താറില്ല .<br>• ഈ വസ്തുതകൾ പശ്ചിമദേശങ്ങളിലെ ഉപഭോക്താക്കൾക്ക് തികച്ചും അജ്ഞാതമാണ് | 2 | 2 |
| 9 | • സന്ദർഭത്തിന്റെ ആശയം കണ്ടെത്തിയിട്ടുണ്ട്.<br>• വിശകലനം ചെയ്തിട്ടുണ്ട്.<br>• സ്വന്തം നിരീക്ഷണം അവതരിപ്പിച്ചിട്ടുണ്ട്.<br>• ആശയവ്യക്തതയോടെ അവതരിപ്പിച്ചിട്ടുണ്ട്. | 1<br>1<br>1<br>1 | 4 |
| 9 | | | |

| | | | |
|---|---|---|---|
| 10 | • സൂചനകളുടെ സവിശേഷതകൾ കണ്ടെത്തിയിട്ടുണ്ട്. | 1 | 4 |
| | • തിരക്കഥയുടെ സവിശേഷതകൾ തിരിച്ചറിഞ്ഞിട്ടുണ്ട്. | 1 | |
| | • സ്വന്തം നിരീക്ഷണങ്ങൾ യുക്തിസഹമായി അവതരിപ്പിച്ചിട്ടുണ്ട്. | 1 | |
| | • ആശയവ്യക്തതയോടെ അവതരിപ്പിച്ചിട്ടുണ്ട്. | 1 | |
| 11 | • കാവ്യസന്ദർഭത്തിന്റെ ആശയം കണ്ടെത്തിയിട്ടുണ്ട്. | 1 | 4 |
| | • വിശകലനം ചെയ്തിട്ടുണ്ട്. | 1 | |
| | • സ്വന്തം നിരീക്ഷണം യുക്തി സഹമായി അവതരിപ്പിച്ചിട്ടുണ്ട്. | 1 | |
| | • ആശയവ്യക്തതയോടെ അവതരിപ്പിച്ചിട്ടുണ്ട്. | 1 | |
| 12 | • പ്രസ്താവനയുടെ ആശയം കണ്ടെത്തിയിട്ടുണ്ട് . | 1 | 4 |
| | • പ്രസ്താവനയുമായി ബന്ധിപ്പിച്ച് വിശകലനം ചെയ്തിട്ടുണ്ട് | 1 | |
| | • സ്വന്തം നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. | 1 | |
| | • ആശയ വ്യക്തതയോടെ അവതരിപ്പിച്ചിട്ടുണ്ട് | 1 | |
| 13 | • പ്രസ്താവനയുടെ പൊരുൾ കണ്ടെത്തിയിട്ടുണ്ട്. | 1 | 4 |
| | • സ്വന്തം നിരീക്ഷണങ്ങൾ യുക്തിസഹമായി അവതരിപ്പിച്ചിട്ടുണ്ട് . | 2 | |
| | • ആശയവ്യക്തതയോടെ അവതരിപ്പിച്ചിട്ടുണ്ട്. | 1 | |
| 14 | • കാവ്യസന്ദർഭത്തിന്റെ ആശയം കണ്ടെത്തിയിട്ടുണ്ട്. | 1 | 4 |
| | • വിശകലനം ചെയ്തിട്ടുണ്ട്. | 1 | |
| | • സ്വന്തം നിരീക്ഷണം യുക്തി സഹമായി അവതരിപ്പിച്ചിട്ടുണ്ട്. | 1 | |
| | • ആശയവ്യക്തതയോടെ അവതരിപ്പിച്ചിട്ടുണ്ട്. | 1 | |
| 15 | • കഥാപാത്രത്തിന്റെ സ്ഥാനം തിരിച്ചറിഞ്ഞിട്ടുണ്ട്. | 1 | 6 |
| | • കഥാപാത്രത്തിന്റെ ജീവിതവീക്ഷണം, സ്വഭാവസവിശേഷതകൾ എന്നിവ തിരിച്ചറിഞ്ഞിട്ടുണ്ട്. | 2 | |
| | • സ്വന്തം നിരീക്ഷണങ്ങൾ യുക്തിപൂർവം | | |

SAMAGRA

| | | | |
|---|---|---|---|
| | | 2 | |
| | അവതരിപ്പിച്ചിട്ടുണ്ട്. | | |
| | • ആശയവ്യക്തതയോടെ ക്രമീകരിച്ച് | 1 | |
| | അവതരിപ്പിച്ചിട്ടുണ്ട്. | | |
| 16 | • വിഷയവുമായി ബന്ധപ്പെട്ട് പരമാവധി | 2 | |
| | ആശയങ്ങൾ ഉൾക്കൊണ്ടിട്ടുണ്ട്. | 1 | |
| | • കാലികപ്രസക്തി തിരിച്ചറിഞ്ഞിട്ടുണ്ട്. | | 6 |
| | • സ്വന്തം നിലപാടുകൾ യുക്തിഭദ്രമായി | 2 | |
| | അവതരിപ്പിച്ചിട്ടുണ്ട്. | 1 | |
| | • പ്രഭാഷണത്തിന്റെ ഘടന പാലിച്ചിട്ടുണ്ട്. | | |
| 17 | • വിഷയവുമായി ബന്ധപ്പെട്ട് പരമാവധി | 2 | |
| | ആശയങ്ങൾ ഉൾക്കൊണ്ടിട്ടുണ്ട്. | | |
| | • സമകാലികപ്രസക്തി തിരിച്ചറിഞ്ഞിട്ടുണ്ട്. | 1 | |
| | • സ്വന്തം നിരീക്ഷണങ്ങൾ യുക്തിപൂർവം | | 6 |
| | അവതരിപ്പിച്ചിട്ടുണ്ട്. | 2 | |
| | • ആശയവ്യക്തതയോടെ | 1 | |
| | ക്രമീകരിച്ചവതരിപ്പിച്ചിട്ടുണ്ട്. | | |

SAMAGRA